# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.456

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബി മുഖേന നടത്തി വരുന്ന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. എം. സ്വരാജ്<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. പി.കെ. ശശി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തിന്റെ സുസ്ഥിരവും ദ്രുതഗതിയിലുമുള്ള വികസനവും സാധ്യമാക്കുന്നതിനും പശ്ചാത്തല സൗകര്യവും വ്യവസായ അടിസ്ഥാന സൗകര്യവും സൃഷ്ടിക്കുന്നതിനുമായി കിഫ്ബി മുഖേന നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | ബഡ്ജറ്റിനതീതമായി ധനസമാഹരണം നടത്തി സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനായാണ് കിഫ്ബി എന്ന സംവിധാനം ഏർപ്പെടുത്തിയത്. ഏകദേശം 50,0000 കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാനത്ത് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി നൂതന സാമ്പത്തിക സ്രോതസ്സുകളുൾപ്പെടെ കിഫ് ആക്ടിൽ വിവക്ഷിക്കും പ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ ധന സമാഹരണം നടത്തി ഉന്നത നിലവാരത്തിലുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി പ്രവർത്തിക്കുന്നത്. |
| (ബി) അൻപതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കുള്ള തുക കണ്ടെത്തുന്നതിന് കിഫ്ബി സ്വീകരിച്ചുവരുന്ന നിക്ഷേപ മാതൃകകൾ എന്തെല്ലാമാണ്; | കിഫ് ആക്ട് അനുവദിക്കും വിധം സെബി, റിസർവ് ബാങ്ക് തുടങ്ങിയ നിയന്ത്രണ ഏജൻസികൾ അംഗീകരിച്ചിട്ടുള്ള വിവിധ ധനസമാഹരണ മാർഗ്ഗങ്ങളാണ് കിഫ്ബി അവലമ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ടേം ലോണുകൾ, ആഭ്യന്തര - അന്താരാഷ്ട്ര കടപ്പത്രങ്ങൾ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ബോണ്ട് തുടങ്ങി നവീനമായ പല ധന സമാഹകരണ ഉപാധികൾ ഉൾപ്പെടുന്നു. |
| (സി) റിസർവ് ബാങ്കിന്റെ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായ നിക്ഷേപ പദ്ധതികളിൽ ഒന്നായ മസാല ബോണ്ട് വൻ വിജയം നേടിയതിനെ തുടർന്ന് നിക്ഷേപ മാർഗ്ഗത്തിന് വിഘ്നം സൃഷ്ടിക്കുകയെന്ന | 2019 മാർച്ച് 26 വെള്ളിയാഴ് ച 2150 കോടി രൂപയുടെ ആരംഭകാല ഇഷ്യൂ പുറത്തിറക്കിക്കൊണ്ട് മസാല ബോണ്ട് സമാഹരണത്തിന്റെ തുടക്കം കിഫ്ബി വിജയകരമായി പൂർത്തിയാക്കി. വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംസ്ഥാനമെന്ന നിലയിൽ കേരളവും അതിന്റെ ഏജൻസിയായ കിഫ്ബിയും അപൂർവ്വ നേട്ടം കരസ്ഥമാക്കി. ഇന്ത്യയിലെ |

| | |
|---|---|
| ഗൂഢോദ്ദേശ്യത്തോടെ ചില കേന്ദ്രങ്ങൾ അനാവശ്യ വിവാദം സൃഷ്ടിച്ചതിന്റെ പശ്ചാത്തലത്തിൽ മസാല ബോണ്ട് വഴി നിക്ഷേപം സ്വരൂപിക്കുന്ന പ്രക്രിയയും അതിൽ സർക്കാരിന്റെ ഇടപെടൽ എങ്ങനെയാണെന്നും വിശദമാക്കാമോ? | പൊതുമേഖലാ സ്ഥാപനങ്ങൾ ഇതുവരെ ഏർപ്പെട്ട മസാല ബോണ്ട് സമാഹരണത്തിൽ വച്ച് ഏറ്റവും വലിയ രണ്ടാമത്തെ ഉദ്യമമാണ് കിഫ്ബിയുടെ ഈ ചരിത്രനേട്ടം. മൊത്തത്തിൽ വിലയിരുത്തിയാൽ 2016 ൽ ഭാരതീയ റിസർവ് ബാങ്ക് മസാല ബോണ്ട് സമ്പ്രദായത്തിനു അനുമതി നല്കിയതിനുശേഷമുണ്ടായ ഏറ്റവും വലിയ മൂന്നാമത്തെ സമാഹരണവും ഇതാണ്.<br>നേട്ടത്തിന്റെ ഈ നാഴികക്കല്ല് പിന്നിടുവാൻ കഠിനശ്രമങ്ങളുടെ ദീർഘ ദൂരം കിഫ്ബിക്ക് യാത്ര ചെയ്യേണ്ടി വന്നിട്ടുണ്ട്. രൂപകല്പന മുതൽ പൂർത്തീകരണം വരെ ഏകദേശം ഒരു വർഷം നീണ്ടുനിന്ന നിരന്തര പരിശ്രമമാണ് ഇപ്പോൾ ഫലം കണ്ടിരിക്കുന്നത്. കിഫ്ബിയുടെ നിയന്ത്രണത്തിന് അതീതമായ നിരവധി ഘടകങ്ങൾ പ്രതികൂലമായി ഉയർന്നുവന്നു. മസാല ബോണ്ടുമായി ആദ്യമായി വിപണിയിലെത്തിയ കിഫ്ബിക്ക് ഈ രംഗത്ത് തുടക്കക്കാർ നേരിടേണ്ടതായ സ്വാഭാവികമായ വെല്ലുവിളികളെയും അഭിമുഖീകരിക്കേണ്ടി വന്നു. നിയമപരമായ വ്യവസ്ഥകളും ഉപാധികളും മനസ്സിലാക്കേണ്ടതുണ്ടായിരുന്നു. അന്താരാഷ്ട്ര കടപ്പത്രവിപണിയുടെ അസംഖ്യം വഴികളിലൂടെ യാത്ര ചെയ്ത് ഇതുമായി ബന്ധപ്പെട്ട പ്രക്രിയയുടെ വിശദാംശങ്ങൾ ആഴത്തിൽ ഗ്രഹിക്കേണ്ടതായി വന്നു.<br>2017 നവമ്പർ മാസത്തിൽ ആക്സിസ് ബാങ്കിനെ ഇഷ്യൂവിന്റെ ഔദ്യോഗിക ഉപദേശകരായി നിയമിച്ചു. ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് പ്രകാരം വിദേശ വിപണിയിൽ രൂപയിലധിഷ്ഠിതമായ കടപ്പത്രം പുറത്തിറക്കുന്നതിനുള്ള അനുമതിക്കായി റിസർവ് ബാങ്കിനെ സമീപിക്കുകയായിരുന്നു അടുത്ത പടവ്. അംഗീകൃത വ്യാപാരിയായ ആക്സിസ് ബാങ്ക് മുഖേന 2018 മേയ് മാസത്തിൽ റിസർവ് ബാങ്കിനു മുമ്പാകെ അപേക്ഷ സമർപ്പിച്ചു. 2018 ജൂൺ മാസം അവസാനത്തോടെ റിസർവ് ബാങ്ക് അനുമതി നല്കി.<br>ഈ പ്രവൃത്തികൾക്ക് സമാന്തരമായിത്തന്നെ ക്രെഡിറ്റ് റേറ്റിങ് ഏജൻസികളെയും ബാങ്കർമാരെയും നിയമിക്കുന്ന കാര്യക്രമങ്ങളിലേക്കും കിഫ്ബി കടന്നിരുന്നു. സ്റ്റാന്റേർഡ് ആന്റ് പൂവേർസ് (S&P), ഫിച്ച് എന്നിവരെ റേറ്റിങ് ഏജൻസികളായി |

നിയമിച്ചു. സ്റ്റാന്റേർഡ് ചാർട്ടേഡ് ബാങ്ക്, ആക്സിസ് ബാങ്ക് എന്നിവരെയാണ് ബാങ്കർമാരായി നിശ്ചയിച്ചത്. സ്ഥാനക്രമം നിശ്ചയിക്കാനുള്ള മാനദണ്ഡ പ്രകാരം കിഫ്ബി പോലൊരു സംസ്ഥാന സർക്കാർ ഏജൻസിയെ അതിന്റെ പരമാധികാര രാജ്യത്തിനു നല്കിയ മതിപ്പിനു താഴെ മാത്രമേ റേറ്റിങ് ഏജൻസികൾക്ക് ഉൾപ്പെടുത്താനാകൂ. ഇന്ത്യയുടെ ഇപ്പോഴത്തെ മൂല്യം BBB ആണ്. സവിസ്തരമായ മൂല്യനിർണ്ണയനത്തിനുശേഷം കിഫ്ബിക്ക് BB (സുസ്ഥിരമായ കാഴ്ച) എന്ന മൂല്യം നല്കാനാണ് റേറ്റിങ് ഏജൻസികൾ തീരുമാനിച്ചത്. നേടാനാവുന്ന റേറ്റിങ്ങിന്റെ ഏറ്റവും ഉയർന്ന പദവിക്കു തൊട്ടുതാഴെയാണ് ഈ മൂല്യം. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും ഇതുവരെ നേടാൻ കഴിഞ്ഞതിൽ ഏറ്റവും ഉയർന്ന റേറ്റിങ്ങാണ് BB. ഇന്ത്യയിലെ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ പെട്ട മറ്റൊരു സ്ഥാപനവും ഇതിനേക്കാൾ വലിയ മൂല്യം നേടിയിട്ടില്ല.

അന്താരാഷ്ട്ര ലീഗൽ കൗൺസൽ, സ്വദേശ ലീഗൽ കൗൺസൽ, ട്രസ്റ്റി, പേയിങ് ഏജന്റ്, പ്രോസസ് ഏജന്റ് തുടങ്ങി ഇടപാടുകൾക്ക് ആവശ്യമായ ഏജൻസികളുടെ നിയമനത്തിലാണ് കിഫ്ബി പിന്നീട് ശ്രദ്ധ പതിപ്പിച്ചത്. കർമ്മപരിപാടിയുടെ കരാറുകളുടെയും പ്രകാശന രേഖകളുടെയും കരട് തയ്യാറാക്കുന്ന ജോലി 2018 മേയിൽ ആരംഭിച്ചു. അന്താരാഷ്ട്ര ലീഗൽ കൗൺസലായ DLA പൈപ്പറുടെ നേതൃത്വത്തിൽ സ്വദേശ ലീഗൽ കൗൺസൽ (സിറിൽ ആന്റ് അമർചന്ദ് മംഗൾദാസ്), പതിപ്പുമായി ബന്ധപ്പെട്ട ബാങ്കുകൾ എന്നിവരുടെ സഹായത്തോടെയാണ് ഈ നടപടികൾ നടന്നത്. രൂപരേഖയുടെ നിർമ്മാണ ജോലികൾ പൂർത്തിയായി. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച്, സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ച് എന്നിവിടങ്ങളിൽ നിന്ന് തത്ത്വത്തിൽ അനുമതിയായി. ഒടുവിൽ പതിപ്പ് 2018 സെപ്തംബർ 19 ന് ലിസ്റ്റ് ചെയ്യപ്പെട്ടു. നിക്ഷേപകരുമായുള്ള റോഡ് ഷോ ചർച്ചകൾ പലയിടങ്ങളിലായി സംഘടിപ്പിച്ചു.

കിഫ്ബി മസാല കടപ്പത്രത്തിന്റെ പതിപ്പ് 2019 മാർച്ച് 25 ന് പുറത്തിറങ്ങുകയും മാർച്ച് 29 ന് അവസാനിപ്പിക്കുകയും ചെയ്തു.

| | |
|---|---|
| | പ്രൈസിങ്ങ് നടന്നത് 2019 മാർച്ച് 26 നും സെറ്റിൽമെന്റ് 29 നും ആയിരുന്നു. ഇതിനകം 2150 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഈ കർമ്മപാതയിലൂടെ മുന്നോട്ടുപോകുന്നതുമൂലം ഘടന മെച്ചപ്പെടുത്താനും അന്താരാഷ്ട്ര നിക്ഷേപകരുടെ പ്രതീക്ഷയ്ക്കനുസൃതമായ രീതിയിൽ കേന്ദ്രീകൃത ഭരണനിർവ്വഹണത്തിന്റെയും ധനവിനിയോഗത്തിന്റെയും ആഗോളതലത്തിലെ മികച്ച വഴക്കങ്ങൾ സ്വായത്തമാക്കുവാനുമുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും കിഫ്ബിയ്ക്കു കഴിയും. ഈ മസാല ബോണ്ട് കിഫ്ബിയുടെ ആത്മധൈര്യം വർദ്ധിപ്പിച്ചിരിക്കുന്നു. വരും വർഷങ്ങളിൽ വിഭവസമാഹരണത്തിന്റെ വ്യത്യസ്തമായ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുവാൻ ഇതു സഹായകമാകും. കേരള സംസ്ഥാനത്തിന്റെ അന്താരാഷ്ട്ര തലത്തിലുള്ള നിക്ഷേപ സമാഹരണത്തിന് ഈ വിജയം അടിത്തറയായി പ്രവർത്തിക്കും. |

സെക്ഷൻ ഓഫീസർ